# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7998** **16.07.2014- ൽ മറുപടിക്ക്**

**"സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ പുതിയ സംരംഭങ്ങൾ"**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. മുരളീധരൻ**<br>**ശ്രീ. റ്റി.എൻ. പ്രതാപൻ**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ. ആർ. സെൽവരാജ്** | **ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| എ) സൂക്ഷ്മ ചെറുകിട ഇടത്തര വ്യവസായ മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്.<br>വ്യവസായ വാണിജ്യ ഡയറക്ടേറ്റ് മുഖേന നടപ്പിലാക്കിയിരുന്ന 9 പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി "സംരംഭകത്വ സഹായ പദ്ധതി" നടപ്പിലാക്കുകയുണ്ടായി.<br><br>കൂടാതെ,<br>(1) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ/താലൂക്ക്/ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം നടത്തുന്നു.<br>(2) സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നു.<br>(3) സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിനു വേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകി വരുന്നു. |

(4) ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായം നൽകി വരുന്നു. വ്യവസായ സംരംഭങ്ങളിൽ അൻസിലറി ഉല്പന്നങ്ങളുടെ ഉല്പാദനത്തിന് ആവശ്യമായ പ്രോത്സാഹന സഹായങ്ങളും നൽകുന്നുണ്ട്.

വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ് എന്നീ പശ്ചാത്തല സൗകര്യങ്ങൾ കിൻഫ്ര, സിഡ്കോ, കെ.എസ്.ഐ.ഡി.സി എന്നിവ മുഖേന ലഭ്യമാക്കുന്നു. കൂടാതെ, ഇടത്തരം വൻകിട മേഖലയിലുള്ള വ്യവസായം തുടങ്ങുവാൻ വിവിധ വകുപ്പുകളിൽ നിന്നുമുള്ള ക്ലിയറൻസ് കെ.എസ്.ഐ.ഡി.സി മുഖേന ലഭ്യമാക്കുന്നു. വ്യവസായം തുടങ്ങാനുള്ള ധന വായ്പയും, പാട്ടക്കരാർ വ്യവസ്ഥയിൽ ഭൂമിയും കെട്ടിടവും കെ.എസ്.ഐ.ഡി.സി മുഖേന ലഭ്യമാക്കുന്നു.

ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

ബി) സാമൂഹിക സാമ്പത്തിക വളർച്ചയിലേക്ക് സംഭാവന ചെയ്യുക. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക വഴി തൊഴിലില്ലായ്മയും, ദാരിദ്ര്യവും ഉന്മൂലനം ചെയ്യുക.

സി) സംസ്ഥാനത്തെ വ്യവസായ കുതിപ്പിന് ഇത് എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

സി) കേരളത്തിന്റെ വ്യവസായ വികസനത്തിനും ഈ സംസ്ഥാനത്തിനെ ഒരു നിക്ഷേപ സൗഹൃദ മേഖലയാക്കി മാറ്റുന്നതിനും ഇത് പ്രയോജനപ്പെടും എന്നാണ് പ്രതീക്ഷിക്കുന്നത്.

ഡി) പദ്ധതി നടത്തിപ്പിനുള്ള ധനം എങ്ങനെ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

ഡി) സംരംഭകരിൽ നിന്നും, ധനകാര്യ സ്ഥാപനങ്ങൾ വഴിയും സംരംഭകത്വ സഹായ പദ്ധതി വഴിയുള്ള ഗ്രാന്റായും ധനം സമാഹരിക്കുന്നു. കൂടാതെ, വ്യവസായ പാർക്ക്/എസ്റ്റേറ്റ് എന്നിവ സ്ഥാപിക്കുന്നതിന് ആവശ്യമായ ധനം സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതമായും, കേന്ദ്ര സർക്കാരിന്റെ ചെറുകിട ഇടത്തരം വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതികൾ വഴിയും ലഭ്യമാക്കുന്നു.

**സെക്ഷൻ ഓഫീസർ**